

## മൂലമ്പിള്ളി

# മാഫിയകൾക്കുവേണ്ടി ഒരു ജനാധിപത്യനാടകം

എസ്. ശരത്

വികസനത്തിന് നീതിയുടെ രീതികൾ പരിചയമില്ലെന്ന് ലോകത്തെമ്പാടും ഭരണകൂടങ്ങൾ പ്രാദേശിക ജീവിതങ്ങളുടെ സമ്പദ്‌വ്യവസ്ഥയെ, മൂല്യങ്ങളെ, സംസ്കാരത്തെ തകർത്തുകൊണ്ട് ഉറച്ച ശബ്ദത്തിൽ ആവർത്തിച്ച് വ്യക്തമാക്കുന്നതിന്റെ പ്രതിഫലനങ്ങളാണ് വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിന്റെ പേരിൽ കൊച്ചിയിൽ അരങ്ങേറിയ കുടിയൊഴിപ്പിക്കലുകൾ. ഭരണമുന്നണിയും സി.പി.എമ്മും നീതിയില്ലാത്ത വികസന മാതൃകകളെ മൂലധന താത്പര്യങ്ങൾക്കുവേണ്ടി കേരളത്തിൽ പ്രതിഷ്ഠിക്കാൻ തുനിഞ്ഞിറങ്ങിയതോടെ പ്രതിഷേധങ്ങൾക്കുള്ള ഊർജ്ജവും മാർഗ്ഗവും നീതി നഷ്ടപ്പെട്ടവരുടെ സമരങ്ങളും ജനകീയ പ്രസ്ഥാനങ്ങളും കൂടുതൽ കരുത്തോടെ തേടേണ്ടി വന്നിരിയ്ക്കുന്നു. ശത്രുപാളയത്തിൽ, അംഗബലംകൊണ്ട് നാളുകളായി ഫാസിസ്റ്റ് നയങ്ങൾ ആവർത്തിച്ചുവരുന്ന സി.പി.എം. എത്തിയതോടെ ഏതു വിധേനയും നീതിനിഷേധത്തിനെതിരെയുള്ള ചെറിയ ചെറുത്തുനിൽപ്പുകളെ തച്ചുതകർക്കാമെന്ന ധാർഷ്ട്യം നാട്ടുനടപ്പായി മാറുന്നുണ്ട്. വികസനത്തിന്റെ പേരുപറഞ്ഞ് മൂലമ്പിള്ളിയിൽ നടന്ന കുടിയൊഴിപ്പിക്കൽ ദൃശ്യങ്ങളുടെ സാമൂഹ്യബോധമുള്ള കേരളജനത കണ്ടു ഞെട്ടിയ കുടിയൊഴിപ്പിക്കൽ ദൃശ്യങ്ങൾ ഈ ധാർഷ്ട്യത്തിന്റെ ഒരു രൂപം മാത്രമായിരുന്നു. നിർദ്ദിഷ്ട വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിനെ റോഡുമാർഗ്ഗം പ്രധാന നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിനുള്ള പാതയുടെ നിർമ്മാണത്തിനായാണ് മൂലമ്പിള്ളിയിൽ നിന്നും തദ്ദേശവാസികളെ ബലപ്രയോഗത്തിലൂടെ സർക്കാർ കുടിയൊഴിപ്പിച്ചത്. പകരം ഭൂമിയും നഷ്ടപരിപാരവും കണ്ടെത്തിയിട്ടില്ലെന്ന് അറിയുമായിരുന്നിട്ടും മൂലമ്പിള്ളിയിൽ ഭൂമി വിട്ടുകൊടുക്കുന്നതിന് സമ്മതപത്രം ഒപ്പുവെയ്ക്കാത്തവരെ സ്വഭവനങ്ങളിൽ നിന്നും വലിച്ചെറിഞ്ഞുകൊണ്ട് ജനാധിപത്യം അതിന്റെ ഭരണബലം തെളിയിച്ചിരിക്കുകയാണ്. കൃത്യമായ നഷ്ടപരിഹാരവും പുനരധിവാസവും നൽകാതെ അദ്ധ്വാനിച്ചുണ്ടാക്കിയ വീടുകളിൽനിന്നും മാറുകയില്ലെന്നുറച്ചുനിന്ന സമ്മതപത്രം നൽകാത്തവരെ പിഴുതെറിയാൻ പതിവുപോലെ നമ്മുടെ 'പരമോന്നത' നിയമവകുപ്പുകളുടെ പൂർണ്ണ പിന്തുണയുണ്ടായിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള 1894ലെ സ്ഥലമെടുപ്പ് ആക്ട് (ലാന്റ് അക്യുസിഷൻ) പ്രകാരമാണ് ഒഴിഞ്ഞുപോകാത്തവരുടെ ഭൂമി സർക്കാർ കൈവശപ്പെടുത്തിയിരിക്കുന്നത്. കൊളോണിയൽ കാലത്തെ ഈ നിയമം സ്വാതന്ത്ര്യം ലഭിച്ച് അറുപത് വർഷങ്ങൾ പിന്നിട്ടിട്ടും കഴമ്പില്ലാത്ത ഭേദഗതികൾ നടത്തി പിൻതുടർന്നുകൊണ്ട് സർക്കാർ വികസനത്തിന്റെ തടസ്സങ്ങൾ നീക്കി ആദർശധീരന്മാരായിരിക്കുകയാണ്. വികസനത്തിന്റെ പേരുപറഞ്ഞാൽ എന്തും അംഗീകരിക്കുന്ന അവസ്ഥയിലേക്ക് അധഃപതിച്ചു കഴിഞ്ഞ നമ്മുടെ പൊതുസമൂഹം വല്ലാർപാടത്തെ കുടിയൊഴിപ്പിക്കൽ നാടകങ്ങളെ ഗൗരവമായെടുക്കാതെ 'വികസനം വരട്ടെ' എന്ന പതിവുപല്ലവി ആവർത്തിക്കുകയാണുണ്ടായത്. വികസനത്തിന് എതിരുനിൽക്കുന്നത് രാജ്യദ്രോഹമായി കണക്കാക്കപ്പെടുന്ന അവസ്ഥ ഭരണകൂടവും മൂലധനശക്തികളും ചേർന്ന് തന്ത്രപരമായി സൃഷ്ടിക്കുകയും ആ കുടുക്കിൽ വീണുപോയ സമൂഹം വികസനത്തിനെതിരു നിൽക്കാതെ നീതിബോധമെല്ലാം കൈയ്യൊഴിഞ്ഞ് അനുദിനം തങ്ങളുടെ

രാജ്യസ്നേഹം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

'വികസനങ്ങളെല്ലാം കോർപ്പറേറ്റുകളെയും മാഫിയകളെയും വളർത്തുകയും പാവപ്പെട്ട ജനവിഭാഗങ്ങളെ തളർത്തുകയും ചെയ്യുകയാണുണ്ടായതെന്ന വർത്തമാനകാല യാഥാർത്ഥ്യം അറിയാവുന്നതായിരുന്നിട്ടും പൊതുസമൂഹത്തെക്കൊണ്ട് വിനാശവികസന പ്രവർത്തനങ്ങളെ അംഗീകരിച്ചെടുപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് ഭരണകൂടം മൂലധനതാത്പര്യക്കാർക്കും അവർ ഭരണകൂടത്തിനും നൽകിയ ഏറ്റവും വലിയ സഹായം. വികസനത്തിനു ലഭിച്ച ഈ പൊതുസമ്മതം കുടിയൊഴിപ്പിക്കൽ പോലും ഒരു വലിയ സാമൂഹിക പ്രശ്നമല്ല എന്ന രീതിയിൽ ലഘൂകരിച്ചു, ഒപ്പം വ്യവസായങ്ങൾക്കും നിക്ഷേപങ്ങൾക്കും തടസ്സം നിൽക്കുന്ന 'വികസന വിരോധി'കളെ ഒറ്റപ്പെടുത്തുകയും പുച്ഛിച്ചുതള്ളുകയും ചെയ്യുന്നു. വസ്തുതകൾ മറച്ചുവച്ച് മൂലധനശക്തികൾ സൃഷ്ടിച്ച ഈ സമൂഹിക മനോരോഗത്തെ തുറന്നുകാട്ടുകയാണ് വല്ലാർപ്പാടം ടെർമിനലിന്റെ പേരിൽ നടന്ന കുടിയൊഴിപ്പിക്കലും അനുബന്ധ രാഷ്ട്രീയ നാടകങ്ങളും. പുനരധിവാസം നൽകാതെ വീടുകളിൽനിന്നും ആട്ടിയിറക്കപ്പെട്ട മൂലമ്പിള്ളിയിലെ ജനങ്ങൾ അന്തിയുറങ്ങാനിടമില്ലാതെ അഭയാർത്ഥികളെപ്പോലെ കഴിയുമ്പോൾ ഒന്ന് തിരിഞ്ഞുനോക്കാൻ കഴിയാത്ത രീതിയിൽ മരവിച്ചുപോയ മുന്നണി രാഷ്ട്രീയങ്ങൾ ആർഭാടങ്ങളോടെ പാർട്ടി സമ്മേളനങ്ങളും കരുണാകരന്റെ ഗൃഹപ്രവേശവും ആഘോഷിച്ചു തകർക്കുകയാണ്.


പ്രതിഷേധങ്ങളെല്ലാം കാതലായ പ്രശ്നങ്ങളിൽനിന്നും അകന്നു പോകുന്നതായാണ് വല്ലാർപ്പാടം പ്രശ്നത്തിൽ കാണാൻ കഴിയുന്നത്. പൗരന്മാരും നീതിപീഠങ്ങളും ടെർമിനലിന്റെ പേരിൽ നടക്കുന്ന കുടിയൊഴിപ്പിക്കലുകളെ പ്രത്യക്ഷമായും പരോക്ഷമായും പിൻതാങ്ങുകയും കണ്ടില്ലെന്നു നടിക്കുകയുമാണ്. പക്ഷെ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ ഭാഗത്തുനിന്നുണ്ടാക്കുന്ന ചെറിയ ചെറുത്തുനിൽപ്പുകളും ജനകീയ സാമൂഹിക, പാരിസ്ഥിതിക പ്രസ്ഥാനങ്ങളുടെയും പ്രവർത്തകരുടെയും ഭാഗത്തുനിന്നുണ്ടായ പ്രതിഷേധങ്ങളും സർക്കാർ നീക്കങ്ങൾ തടയുന്നതിൽനിന്നും ഭരണകൂട തന്ത്രങ്ങളുടെ സമ്മർദ്ദഫലമായി പിൻവലിഞ്ഞ് പോവുകയും രൂക്ഷമായ ഒട്ടേറെ പ്രശ്നങ്ങളിൽനിന്നും വഴിമാറി കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസം നൽകണമെന്ന മുദ്രാവാക്യത്തിലേക്ക് മാത്രം ചുരുങ്ങുകയുമാണുണ്ടായത്. വല്ലാർപ്പാടം പദ്ധതിതന്നെ വിനാശമുണ്ടാക്കുന്നതാണെന്ന് എല്ലാവർക്കും അറിവുള്ളതായിട്ടും പ്രതിഷേധങ്ങളിൽ നിന്നും പദ്ധതിയുടെ നിർമ്മാണത്തെക്കുറിച്ച് പുനർചിന്ത വേണമെന്ന ആവശ്യം ഇല്ലാതാക്കുന്നതിൽ സർക്കാർ കുതന്ത്രങ്ങളിലൂടെ വിജയിച്ചിരിക്കുകയാണ്. നിരവധി പാരിസ്ഥിതിക പ്രത്യാഖാതങ്ങളുണ്ടാക്കുന്നതാണ് ടെർമിനലിന്റെ നിർമ്മാണം. വലിയ കപ്പലുകൾക്ക് കടന്നുവരാനുള്ള ആഴം ടെർമിനൽ പ്രദേശത്തെ കപ്പൽചാലിനില്ല. 21 മുതൽ 25 മീറ്റർവരെ ആഴം അതിനാവശ്യമാണ്. എന്നാൽ 12.5 മീറ്റർ മാത്രമാണ് ഇപ്പോൾ നിലവിലുള്ള ആഴം. മിച്ചം വേണ്ടിവരുന്നത് മണ്ണുനീക്കി കുഴിയെടുത്ത് കണ്ടെത്താമെന്ന വിചിത്രമായ ആശയമാണ് ഇപ്പോൾ വല്ലാർപ്പാടത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത്രയും വലിയ അളവിൽ മണ്ണുനീക്കം ചെയ്യുന്നതോടെ കൊച്ചിയിലെ കായലോരങ്ങളിലും കടൽസാമീപ്യമുള്ള പ്രദേശങ്ങളിലുമുണ്ടാകുന്ന ദൂരവ്യാപകമല്ലാത്ത പ്രതിഫലനങ്ങളെപ്പറ്റി അധികൃതർ മൗനം പാലിക്കുകയാണ്. ഇതിനെതിരെ വളരെ നാളുകൾക്ക് മുമ്പ് പ്രതിഷേധങ്ങൾ ഉയർന്നിരുന്നു. പാരിസ്ഥിതിക ആഘാതങ്ങൾ കണക്കിലെടുക്കാതെ നിർമ്മാണം നടത്തരുതെന്ന ആവശ്യമുയർന്നു. പക്ഷെ വല്ലാർപ്പാടം ടെർമിനൽ പ്രദേശത്തിനെ പോർട്ട്ട്രസ്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളെ പാരിസ്ഥിതിക ആഘാതപഠനത്തി(EIA) ന്റെയും കോസ്റ്റൽ റെഗുലേറ്ററി സോണി (CRZ) ന്റെയും തടസങ്ങളിൽ നിന്നുമൊഴിവാക്കി. പോർട്ട്ട്രസ്റ്റിന്റെ പരിധിയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതിക ആഘാത പഠനങ്ങൾ വേണ്ടെന്നുള്ളതനാൽ നിയമസാദ്ധ്യതകൾ നഷ്ടപ്പെട്ട് പരിസ്ഥിതി പ്രവർത്തകർ പദ്ധതിക്കെതിരെയുണ്ടായ പ്രതിഷേധങ്ങളിൽ നിന്നും പിന്മാറുകയാണുണ്ടായത്. വികസന പ്രവർത്തനങ്ങളെ സംരക്ഷിച്ച്



മൂലമ്പിള്ളിയിൽനിന്നും കുടിയൊഴിക്കപ്പെട്ടവർ എറണാകുളം മേനക ജംഗ്ഷനിൽ നടത്തിവരുന്ന സമരത്തിൽ കഞ്ഞിവെച്ച് പ്രതിഷേധിക്കുന്നു.

**കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ ഭാഗത്തുനിന്നുണ്ടാക്കുന്ന ചെറിയ ചെറുത്തുനിൽപ്പുകൾ ഭരണകൂട തന്ത്രങ്ങളുടെ സമ്മർദ്ദഫലമായി പിൻവലിഞ്ഞ് പോവുകയും കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസം നൽകണമെന്ന മുദ്രാവാക്യത്തിലേക്ക് മാത്രം ചുരുങ്ങുകയുമാണുണ്ടായത്.**

നാടിനെ 'രക്ഷിക്കാനു'ള്ള സർക്കാരിന്റെ നീക്കത്തിൽ ഇത് ഒരു ചെറിയ ഉദാഹരണം മാത്രമേയാകുന്നുള്ളു. വല്ലാർപ്പാടത്തെ സംസ്ഥാനത്തെ പ്രധാന റോഡ്, റെയിൽപാതകളുമായി ബന്ധിപ്പിക്കാനായി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിരവധി പാവങ്ങളെ കുടിയൊഴിക്കും എന്ന മനുഷ്യാവകാശ പ്രശ്നത്തോടൊപ്പം നിരവധി പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുന്നുണ്ട്. 17.5 കിലോമീറ്റർ നീളമുള്ള റോഡിന്റെ നിർമ്മാണത്തിനായി ഏഴ് കിലോമീറ്റർ നീളത്തിൽ 60 മീറ്റർ വീതിയിലാണ് കായൽ നികത്തുന്നത്. ഇതേ ഭാഗത്തു തന്നെ റെയിൽപാത കടന്നുപോകുന്നതിനുള്ള പാലത്തിന്റെ തൂണുകളുറപ്പിക്കുന്നതിനായും കായൽ ആഴത്തിൽ കുഴിക്കുന്നുണ്ട്. വേമ്പനാട് കായലിന്റെയും പെരിയാറിന്റെയും ഗതിവിഗതികളിലും ഒഴു




'ഡിസൈൻ ആന്റ് പീപ്പിൾ' രൂപകല്പന ചെയ്ത വല്ലാർപ്പാടം പദ്ധതിയ്ക്കുവേണ്ടി കുടിയൊഴിപ്പിക്കുന്നതിലെ അനീതി തുറന്നു കാണിക്കുന്ന ചിത്രീകരണം.
support@designandpeople.org

ക്കിലും നിരവധി വ്യതിയാനങ്ങളുണ്ടാകുന്നതിന് ഇത് കാരണമാകും. അമൂല്യമായ മത്സ്യസമ്പത്തിന്റെ നാശവും തീരമിടിച്ചലിനുമൊക്കെ ഇത് കാരണമുണ്ടാകും. കൊച്ചിയിലെ കായൽ തീരങ്ങളെല്ലാം നികത്തി ഫ്ളാറ്റ്/റിസോർട്ട് മാഫിയകൾ അനധികൃതമായി നിരവധി വമ്പൻ കെട്ടിട സമുച്ചയങ്ങൾ പണിതുയർത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾക്ക് തടയിടേണ്ട സർക്കാർ വികസനത്തിന്റെ പേരിൽ കായൽ നികത്തിക്കൊണ്ട് അവർക്ക് മാതൃകയാകുകയാണ്. പൊതുസ്വത്തുക്കൾ സംരക്ഷിക്കേണ്ടതിന്റെ കടമ പ്രധാനമായും അർപ്പിതമായിരിക്കുന്നവരുടെ കൈയിൽത്തന്നെ കൊലക്കയറിയിരിക്കുന്നതിന്റെ വൈരുദ്ധ്യം അപകടങ്ങൾ വിളിച്ചു വരുത്തുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പൊതുജനങ്ങൾ ഭൂമി വിട്ടുതരാതെയിരിക്കുന്നതിനാൽ കായലിലും സർക്കാർ ഭൂമിയിലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കൊണ്ട് ഭൂമിനൽകാൻ തയ്യാറാകാത്തവരുടെമേൽ സമ്മർദ്ദം ചെലുത്തുകയാണ് സർക്കാർ. റോഡും റെയിലും കടന്നുപോകുന്ന മുളവുകാട് ദ്വീപിൽ പുനരധിവാസം നൽകാത്തതിനാൽ സ്ഥലം വിട്ടുകൊടുക്കാത്തവരുടെ വീടുകൾക്ക് മുന്നിലെത്തി നിൽക്കുകയാണ് കായലിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ. റോഡിന്റെയും റെയിലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാറ്റമില്ലെന്ന സർക്കാരിന്റെ ഭീഷണി സ്വരത്തിലുള്ള ഒരു സൂചനയാണിത്. ഇനി സ്ഥലം വിട്ടുനൽകാതിരുന്നിട്ട് അർത്ഥമില്ലെന്നും സർക്കാർ അത് പിടിച്ചെടുക്കുമെന്നും ഇതുകാരണം ജനങ്ങൾ കരുതുകയും പൂർണ്ണസമ്മതമില്ലാതെ തന്നെ സമ്മതപത്രം നൽകുകയുമാണ് ചെയ്യുന്നത്.

സമരത്തിന്റെ ആദ്യസമയത്ത് ഉന്നയിച്ചിരുന്ന സമാന്തരമാർഗ്ഗങ്ങളും ഇന്ന് പിൻവലിഞ്ഞു തുടങ്ങി. ജനസാന്ദ്രതയേറിയ ഇടപ്പിള്ളി റെയിൽവേ സ്റ്റേഷനിൽനിന്നും വടുതല, മുളവുകാട് പ്രദേശത്തുകൂടി കടന്നുപോയി വല്ലാർപ്പാടത്തെ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട റെയിൽപാതയുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് സമരക്കാർ പകരം തുറന്നുകാണിച്ച എറണാകുളത്തെ പഴയ റെയിൽവെ സ്റ്റേഷൻ വഴിയുള്ള ഇ.ആർ.ജി. പാതയെപ്പറ്റിയും അധികൃതർ ഒന്നും മിണ്ടിയില്ല. സമരത്തിന്റെ ആവശ്യങ്ങളേയും ശക്തിയേയും നിഷേധാത്മകമായിത്തന്നെ നേരിട്ടുകൊണ്ട് തങ്ങൾ മുതലാളിത്ത താത്പര്യങ്ങൾക്കൊപ്പമാണെന്ന് സർക്കാർ ആവർത്തിച്ച് വ്യക്തമാക്കുന്നു. വല്ലാർപ്പാടത്തെ റെയിലുവഴി ബന്ധിപ്പിക്കാൻ ഇ.ആർ.ജി. പാതയെന്ന വളരെ എളുപ്പമുള്ള ബദൽ മാർഗ്ഗമുണ്ടായിട്ടും അധികൃതർ അതൊന്നും കണ്ടില്ലെന്നു നടിച്ചതോടെ സമരത്തിന്റെ ആവശ്യങ്ങളിൽ നിന്നും അതും ഒഴിഞ്ഞു പോവുകയാണ്. മാനുഷിക പാരിസ്ഥിതിക പരിഗണനകളൊന്നും കണക്കിലെടുക്കാതെ തങ്ങൾ മുന്നോട്ടുവെച്ച പരിപാടികളുമായി നീങ്ങുമെന്ന് സർക്കാരിന്റെ ഉറച്ച തീരുമാനം അനുദിനം സമരത്തെ തളർത്തുകയായിരുന്നു. അതോ സമരപ്രവർത്തകരുടെയും സമരത്തിന്റെയും കൂട്ടായ തളർച്ചയാണോ സർക്കാരിനെ ഇത്തരമൊരു ഉറച്ച തീരുമാനത്തിൽ നിർത്തുന്നതെന്ന സന്ദേഹവും നിലനിൽക്കുന്നുണ്ട്. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മാന്യമായ നഷ്ടപരിഹാരവും പുനരധിവാസവുമെന്നതിലേക്ക് ചുരുങ്ങിപ്പോയെങ്കിലും മൂലമ്പിള്ളിയിൽ നടന്ന മനുഷ്യാവകാശ ലംഘനത്തിന്റെയും കബളിപ്പിക്കലിന്റെയും പശ്ചാത്തലത്തിൽ വികസനത്തിന്റെ നീതിയെ ചോദ്യം ചെയ്യാൻ സമരത്തിന് കഴിയണം.

കുടിയൊഴിപ്പിക്കപ്പെടുന്ന പ്രദേശങ്ങളിൽ സാമ്പത്തികമായി താരതമ്യേന പിന്നോക്കം നിൽക്കുന്ന സ്ഥലമാണ് മൂലമ്പിള്ളി. ഭൂമി വിട്ടുനൽകി നഷ്ടപരിഹാരത്തുക കൈപ്പറ്റാൻ ഇവിടെയുള്ള പലരും തയ്യാറായത് കടബാധ്യതകൾ കാരണമാണ്. നഷ്ടപരിഹാരമായി കിട്ടിയ രൂപ കൊണ്ട് കുറെ കടങ്ങൾ വീട്ടാനല്ലാതെ പുതിയൊരു വാസസ്ഥലം കണ്ടെത്താൻ ഇവർക്ക് കഴിയില്ല. കൊച്ചിയുടെ വികസനം ഇവർക്ക് മുന്നോട്ടുള്ള എന്ത് വഴിയാണ് തുറന്നു കൊടുക്കുന്നത്? കിടപ്പാടം മാത്രമല്ല നാളുകളുടെ അദ്ധ്വാനവും, സ്വപ്നങ്ങളുമാണ് ഇവർക്ക് നഷ്ടമായത്. ചേരികൾ സൃഷ്ടിക്കുന്ന നഗരവികസന മാതൃകകളോട് മത്സരിക്കുകയാണ് കൊച്ചി.

കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് സർക്കാർ പകരം കണ്ടെത്തിയ സ്ഥലങ്ങളും ലാൻഡ് മാഫിയകൾക്ക് കൈമാറാനാണെന്ന സംശയം നിലനിൽക്കുന്നു. വടുതലയിൽ നിന്നും കുടിയൊഴിപ്പിക്കുന്നവർക്കായി കായൽ നികത്തി കണ്ടെത്തിയ സ്ഥലത്ത് വീടുവയ്ക്കാൻ കഴിയില്ലെന്ന് സാമാന്യബോധമുള്ള ഒറ്റക്കാഴ്ചയിൽ മനസ്സിലാകും. കായൽ നികത്തിയ സ്ഥലമായതിനാൽ വീടുവയ്ക്കണമെങ്കിൽ കായലിന്റെ ആഴത്തിൽ എട്ടടിയോളം അടിത്തറ താഴ്ത്തിയശേഷം (പൈലിങ്ങ്) മാത്രമേ നിർമ്മാണം തുടങ്ങാൻ സാധിക്കുകയുള്ളു. ഇതിന് വേണ്ടി വരുന്ന ലക്ഷങ്ങൾ മുടക്കാൻ കഴിവില്ലാത്തവരാണ് വടുതലക്കാരെന്നത് സ്ഥലം കണ്ടെത്തിയവർക്ക് വ്യക്തമായിരുന്നു. പിന്നെ കായൽ നികത്തിയെടുത്ത ഈ സ്ഥലം ആർക്കാണ്? വൈകാതെ തന്നെ

അത് ഏതെങ്കിലും റിസോർട്ടുകൾ കയ്യടക്കും. റിയൽ എസ്റ്റേറ്റ് ലോബികൾക്കായി കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പേരുപറഞ്ഞ് സർക്കാരിന്റെ വക ഒരു ഔദാര്യം.

കുടിയൊഴിപ്പിക്കൽ ബഹളങ്ങൾക്കിടയിൽ വല്ലാർപ്പാടത്ത് വരുന്നത് ഒരു ബി.ഒ.ടി. പദ്ധതിയാണെന്ന കാര്യം എല്ലാവരും മറന്നുപോയ സ്ഥിതിയാണ്. ദുബായ് പോർട്ട് വേൾഡ് എന്ന വിദേശ കമ്പനിയാണ് ഇതിന്റെ നിർമ്മാണം നടത്തുന്നത്. സർക്കാർ എല്ലാ സൗകര്യങ്ങളും അവർക്കുവേണ്ടിയൊരുക്കിയിരിക്കുകയാണ്. അവർക്കുവേണ്ടി വല്ലാർപ്പാടത്തേക്ക് റോഡും റെയിലും നിർമ്മിച്ചു നൽകുന്നു. 30 വർഷത്തേക്കാണ് കമ്പനിയുമായുള്ള സർക്കാരിന്റെ കരാർ. 30 വർഷം ദുബായ് പോർട്ട് വേൾഡ് ടെർമിനൽ പ്രവർത്തിപ്പിച്ച് അതിന്റെ ലാഭമെടുക്കുന്നു. ദീർഘവീക്ഷണമില്ലാത്ത ഈ കരാറിലൂടെ സർക്കാർ വൻകിട സാമ്പത്തിക ശക്തികൾക്ക് എല്ലാം അടിയറവച്ചിരിക്കുകയാണ്. 30 വർഷം ഒരു നീണ്ടകാലാവധിയാണ്. അത്രയും നാൾ പിന്നിടുമ്പോൾ കൊച്ചിയുടെ സ്ഥിതിയെന്താണ്, കേരളത്തിന്റെ സ്ഥിതിയെന്താണെന്ന് മുൻകൂട്ടി പറയാൻ സാധിക്കുന്നതല്ല. പോർട്ട് പോലെ വളരെ നിർണ്ണായകമായൊരു സ്ഥലം ഇത്രയും നാൾ വിദേശ കമ്പനി കൈവശം വച്ചിരിക്കുന്നതിന്റെ അപകടങ്ങൾ നിരവധിയാണ്, എത്ര സുതാര്യതയുണ്ടെങ്കിലും. പാട്ടക്കാറുകാരായി ഭൂമിയേറ്റെടുത്ത് കൃഷിചെയ്തിരുന്ന ടാറ്റയും, ഹാരിസണുമെല്ലാം പിന്നീട് ആ ഭൂമിയുടെമേൽ അവകാശം സ്ഥാപിച്ചതും അത് തടയാതെ സർക്കാരുകൾ മൗനാനുവാദം നൽകിയതിന്റെയും പ്രശ്നങ്ങൾ നാമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഒരു വിദേശ കമ്പനിയ്ക്കുവേണ്ടി പ്രാദേശികജനതയെ തകർത്തെറിഞ്ഞ് ജനാധിപത്യ ബോധമുണ്ടെന്ന് ഉദ്ഘോഷിക്കുന്ന കേരള സമൂഹവും ഇടതുപക്ഷവും മൗനം പാലിക്കുന്നു.

മൂന്നാറിൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കപ്പെട്ടപ്പോൾ അതിന് മാർഗ്ഗതടസ്സം സൃഷ്ടിച്ചവരാണ് നമ്മുടെ കോടതികളും രാഷ്ട്രീയ ഭരണ സംവിധാനങ്ങളും. വന്മരങ്ങളെ മുറിച്ചുമാറ്റാൻ കഴിയില്ലെന്ന് ഇമേജ് ബിൽഡിംഗിൽ അതീവ ശ്രദ്ധയുള്ള മുഖ്യനും അന്ന് മനസ്സിലായി. ധന്യശ്രീയുടെയും സി.പി.ഐ.യുടെയുമൊക്കെ കെട്ടിടങ്ങൾ തകർക്കപ്പെട്ടതിന്റെ നീതിയെ മാധ്യമങ്ങളും ചോദ്യം ചെയ്തു. പുതിയ മാഫിയകളുടെ നേതൃത്വത്തിൽ നവീന മൂന്നാർ വരുമെന്ന് വ്യക്തമാക്കികൊണ്ട് ആ നാടകം അവസാനിച്ചപ്പോൾ മാധ്യമങ്ങൾ കയ്യടിച്ചു. പക്ഷെ ഇവിടെ മൂലമ്പിള്ളിയിൽ നടന്നത് കൈയേറിയവരെ ഒഴിപ്പിക്കലല്ല. നിർദ്ധനരായ ജനങ്ങൾ അദ്ധ്വാനത്തിന്റെ വിയർപ്പുകൊണ്ടുണ്ടാക്കിയതെല്ലാം തച്ചുതകർക്കുകയായിരുന്നു. എന്നിട്ടും മൂന്നാറിൽ നടന്ന നാടകങ്ങളുടെ യത്ര പ്രാധാന്യം പോലും അതിന് ലഭിക്കാതിരിക്കുമ്പോൾ സിൻഡിക്കേറ്റ് മാധ്യമങ്ങൾ ശക്തരാണെന്ന് അവർ വ്യക്തമാക്കുന്നു. സി.പി.എമ്മിനെ എതിർക്കണമെങ്കിൽ മിനിമം ഒരു നന്ദിഗ്രാമെങ്കിലും സംഭവിക്കണമെന്നതാണ് മാധ്യമങ്ങളുടെ നിലപാട്.

വികസനമെന്ന് മുറവിളികൂട്ടുന്നർ വികസനത്തിന്റെ നീതികേടുകൾ കണ്ടില്ലെന്നു നടിക്കുന്നത് എന്തുകൊണ്ടാണ്? രാഷ്ട്രീയ കക്ഷികളും ജനാധിപത്യ സംവിധാനങ്ങളും മൂലധനശക്തികൾക്കൊപ്പമാണെന്ന് ഒരിക്കൽകൂടി വ്യക്തമാക്കുന്ന മൂലമ്പിള്ളിയിലെ കുടിയൊഴിപ്പിക്കൽ ജനകീയ ചെറുത്തുനിൽപ്പുകൾക്കുനേരെയുള്ള ഒരു ഭരണകൂട ഭീഷണികൂടിയാണ്.

*കേരളീയം, കൊക്കാലെ, തൃശൂർ-21*

# കുടിയൊഴിപ്പിക്കലിനെതിരെയുള്ള പ്രതികരണങ്ങൾ

**പി.ജെ. സെലസ്റ്റിൻ**
കൺവീനർ, സമരസമിതി, മൂലമ്പിള്ളി

ഇരുപത്തിനാല് പേരാണ് മൂലമ്പിള്ളിയിൽ ക്രൂരമായി കുടിയൊഴിപ്പിക്കപ്പെട്ടത്. ഒട്ടും ദയകാട്ടാതെ പോലീസും സർക്കാരിന്റെ സർവ്വസന്നാഹങ്ങളും ചേർന്ന് മൂലമ്പിള്ളിയിലെ ദരിദ്രരായ ജനങ്ങളെ ബലപ്രയോഗം നടത്തി വീടുകളിൽനിന്നും പുറത്തിറക്കി അവരുടെ വീടുകൾ പൊളിച്ചുകളയുകയായിരുന്നു. കുടിയൊഴിപ്പിക്കപ്പെട്ടവരിൽ രണ്ട് കൂട്ടരുണ്ട്. ഒന്ന്, ജില്ലാ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചുള്ള തുക കൈപ്പറ്റിയ 14 പേരാണ്. മറ്റ് പത്തുപേർ തുകയൊന്നും കൈപ്പറ്റിയിട്ടില്ല. കൈപ്പറ്റിയില്ലെങ്കിൽ തുക കോടതിയിലടക്കാമെന്നും കോടതിയിൽനിന്നും കിട്ടാൻ ഒരുപാട് കാലതാമസമെടുക്കുകയും അതുകൊണ്ട് പിന്നീട് കൈയിൽവരുമ്പോൾ പൈസകൊണ്ട് പ്രയോജനമില്ലാതാകുമെന്നും പറഞ്ഞ് ഉദ്യോഗസ്ഥർ ഞങ്ങളെ പ്രലോഭിപ്പിക്കാൻ ശ്രമിച്ചു. തുക കൈപ്പറ്റിയവർ ശരിക്കും കബളിപ്പിക്കപ്പെടുകയാണുണ്ടായത്. തുച്ഛമായ ഈ തുകകൊണ്ട് അവർക്കാർക്കും മറ്റ് പുനരധിവാസത്തിനുള്ള സ്ഥലം കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഞങ്ങളെല്ലാം തെരുവിലാണ്. നൂറോളം പോലീസുകാരും നാഷണൽ ഹൈവേ അതോറിറ്റിയുടെ ആളുകളും വൈദ്യുതി കണക്ഷൻ വിഛേദിക്കാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും തഹസിൽദാരും ആർ.ഡി.ഒ.യും അടങ്ങുന്നസംഘം ഫെബ്രുവരി 4, തിങ്കളാഴ്ച ജെ.സി.ബി.യുമായി സമ്മതപത്രം നൽകിയവരുടെ വീടുകൾ പൊളിക്കാൻ മൂലമ്പിള്ളിയിലെത്തി. പണം കൈപ്പറ്റിയ പതിനാലുപേരുടെ വീട് മാത്രമെ പൊളിക്കുകയുള്ളൂവെന്ന് പറഞ്ഞെങ്കിലും സമ്മതപത്രം നൽകാനായി പോലീസ് മറ്റുള്ളവരെ ഭീഷണിപ്പെടുത്തുന്നുണ്ടായിരുന്നു. ഉച്ചകഴിഞ്ഞതോടെ സ്ഥിതിയൊക്കെ മാറി. ജെ.സി.ബി. സമ്മതപത്രം നൽകാത്തവരുടെ വീടുകൾ പൊളിക്കാൻ തുടങ്ങി. നട്ടെല്ലിന് തകരാർ സംഭവിച്ച് കിടപ്പിലായ ജോൺസന്റെ വീടാണ് അവർ ആദ്യം പൊളിച്ചത്. ജോൺസൺ നഷ്ടപരിഹാരത്തുക കൈപ്പറ്റിയ ആളായിരുന്നില്ല. ഞങ്ങൾ അത് ചോദ്യം ചെയ്തപ്പോഴേക്കും എല്ലാ വീടുകളും പൊളിക്കാനാണ് മുകളിൽനിന്നുള്ള ഉത്തരവെന്നാണ് അധികൃതർ ഞങ്ങളോട് പറഞ്ഞത്. പക്ഷെ പ്രതിഷേധത്തിന് മുന്നിൽ അവർ കീഴടങ്ങി തിരിച്ചുപോയി. പിറ്റേദിവസം വന്നാൽ ഞങ്ങൾ തടയാൻ തീരുമാനിച്ച് നിലയുറച്ചെങ്കിലും അവർ വന്നില്ല. പക്ഷെ ഫെബ്രുവരി 6 ബുധനാഴ്ച കഴിഞ്ഞ ദിവസത്തേക്കാൾ വലിയ സന്നാഹങ്ങളുമായെത്തി അവർ സമ്മതപത്രം നൽകാത്തവരുടെയും വീടുകൾ പൊളിക്കാൻ തുടങ്ങി. പ്രതിഷേധത്തിനെ തളർത്താനായി ആദ്യം പൊളിച്ചത് സമരസമിതി കൺവീനറായ എന്റെ വീടാണ്. തുടർന്നുണ്ടായ പ്രതിഷേധങ്ങളെയെല്ലാം പോലീസ് ശക്തിയുപയോഗിച്ച് തടഞ്ഞു. വീടുകൾക്കുള്ളിലുണ്ടായിരുന്നവരെ ബലപ്രയോഗത്തിലൂടെ വലിച്ച് പുറത്തിട്ട് വീടുകൾ പൊളിക്കാൻ തുടങ്ങി. പല വീടുകളുടെയും കതകുകളും ജനലുകളും തകർത്തു.






കുടിയൊഴിപ്പിക്കപ്പെട്ടവർ തെരുവിലുറങ്ങിയപ്പോൾ ആർഭാട സമ്മേളനം ആഘോഷിച്ച് തകർക്കുകയായിരുന്നു സി.പി.എം.

ചില ആളുകളെക്കൊണ്ട് ബലമായി കടലാസുകളിൽ പെരുവിരലടയാളം പതിപ്പിച്ചു. വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങൾ ഉൾപ്പെടെ പല ആവശ്യസാധനങ്ങളും അവർ തട്ടിയെടുത്ത് കൊണ്ടുപോയി. പലതും തിരിച്ചു നൽകിയെങ്കിലും നാഷണൽ ഹൈവേ അതോറിറ്റി കൊണ്ടുപോയ സാധനങ്ങൾ തിരിച്ചുകിട്ടിയില്ല. വീടുകൾ പൊളിക്കാൻ അനുവാദം തന്നതിന്റെ രേഖകൾ വല്ലതുമുണ്ടോ എന്ന് ചോദിച്ചപ്പോൾ അത്രയ്ക്ക് നിർബന്ധമാണെങ്കിൽ വിവരാവകാശ നിയമം വഴി രേഖകളെടുക്കണമെന്നാണ് അവർ ധിക്കാരപരമായി മറുപടി പറഞ്ഞത്. തുടർന്ന് വലിയ കലാപമുണ്ടാകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് പല വീടുകളും പൂർണ്ണമായും പൊളിച്ചുമാറ്റാതെ അവർ തിരികെപോവുകയാണുണ്ടായത്. അന്നുമുതൽ ഞങ്ങൾ തെരുവിലാണ്. പുനരധിവാസത്തിന് ഒരു മാർഗ്ഗവും കണ്ടെത്താതെയാണ് ഞങ്ങളെ സ്വന്തം വീടുകളിൽനിന്നും പറിച്ചെറിഞ്ഞത്. അടുത്തുള്ള സ്കൂളിൽ അന്തിയുറങ്ങാനുള്ള സൗകര്യം കണ്ടെത്തിയത് ഞങ്ങൾ തന്നെയാണ്. ഇവിടെ ഞങ്ങൾ ഇരുട്ടിൽ ദാരിദ്ര്യത്തിൽ കഴിയുകയാണ്. വീടുകൾ പൊളിച്ചതോടെ ഞങ്ങളുടെ ഭൂമി സ്വാഭാവികമായും സർക്കാരിന്റെ കൈകളിലായി. ഈ അനീതിക്കെതിരെ ഞങ്ങൾ സമരം തുടരും. ജനാധിപത്യത്തിന്റെ നെറികേടിനെതിരെ പൊതുസമൂഹവും ഞങ്ങളോടൊപ്പം പങ്കുചേരുമെന്ന് വിശ്വസിക്കുന്നു.

## സി.ആർ. നീലകണ്ഠൻ

സാമൂഹ്യപ്രവർത്തകൻ

പുനരധിവാസം നൽകിയാൽ പോലും വികസനത്തിന്റെ പേരിൽ പാവങ്ങളെ കുടിയൊഴിപ്പിക്കുക എന്നത് വലിയ അനീതിയാണ്. ഞാൻ തിരഞ്ഞെടുത്ത, അധ്വാനത്തിലൂടെ വികസിപ്പിച്ചെടുത്ത, എന്റെ ആവാസവ്യവസ്ഥയിൽനിന്നും എന്നെ നിർബന്ധപൂർവ്വം പറിച്ചുമാറ്റുന്നത് നീതിയല്ല. പൊതുകാര്യത്തിന് വേണ്ടി എന്ന പേരിലാണ് പലപ്പോഴും ഇങ്ങനെ ചെയ്യുന്നതെങ്കിലും പൊതുകാര്യമല്ല ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ ഇന്ന് നടക്കുന്നത്. ഇതിന്റെ ഗുണഭോക്താക്കൾ സമ്പന്നന്മാരും മാഫിയകളും മാത്രമായിരിക്കും. പൊതുകാര്യമാണെങ്കിൽ അത് സമൂഹത്തിലെ എല്ലാവരുടെയും നന്മ പ്രതീക്ഷിച്ചുകൊണ്ടുള്ളതാകണം. ഒരു കാലത്തും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് നീതികിട്ടിയിട്ടില്ല, കിട്ടുകയുമില്ല. കാരണം അവർ എപ്പോഴും അധികാരകേന്ദ്രത്തിൽ ശക്തികുറഞ്ഞ ദുർബലരായ ജനവിഭാഗങ്ങളായിരിക്കും.

സർക്കാരിന്റെ നയങ്ങളിലെയും നിലനിൽക്കുന്ന നിയമങ്ങളിലെയും വൈരുദ്ധ്യമാണ് മറ്റൊരു പ്രധാന പ്രശ്നം. 1894ലെ ബ്രിട്ടീഷുകാരുണ്ടാക്കിയ നമ്മളിപ്പോഴും പിന്തുടരുന്ന ലാന്റ് അക്വിസിഷൻ നിയമപ്രകാരം സർക്കാരിന് ഭൂമി പിടിച്ചെടുക്കാനുള്ള അവകാശമുണ്ട്. എന്നാൽ 2007ലെ നാഷണൽ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി ഭൂമി പിടിച്ചെടുക്കുന്നതിന് മുമ്പ് പുനരധിവാസം നടത്തണമെന്ന് വ്യക്തമായും പറയുന്നുണ്ട്. പക്ഷെ 1894 ലെ നിയമം നിലനിൽക്കുന്നതുകൊണ്ട് ഇതിന് പ്രാധാന്യമില്ല. ഈ വൈരുദ്ധ്യങ്ങൾ പരിഹരിക്കപ്പെട്ടെങ്കിൽ മാത്രമേ നമുക്ക് കുറച്ചെങ്കിലും നീതി ലഭിക്കുകയുള്ളൂ.

സർക്കാർ തീരുമാനങ്ങളെല്ലാമുണ്ടാകുന്നത് സാമ്പത്തിക മുൻഗണനാക്രമത്തിലാണ്. ദരിദ്രജനവിഭാഗങ്ങൾ വികസനത്തിന്റെ പേരിൽ നാളുകളായി പീഢിപ്പിക്കപ്പെടുന്നു. ജനകീയസമരങ്ങൾ മാത്രമാണ് ഇതിന് പരിഹാരം. നീതിയിലേക്കുള്ള വഴി ജനകീയ സമരങ്ങളിലൂടെയാകണം.

ഭൂമിയാണ് കേരളത്തിൽ ഇന്ന് ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റ്. സമ്പന്നന് ജനോപകാരപ്രദമല്ലാത്ത വ്യവസായങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭിക്കുന്നു. ദരിദ്രന്റെ ഭൂമി കുറഞ്ഞ വില കൊടുത്തെടുത്ത് സമ്പന്നന് നൽകുന്ന ഏജൻസിയാണ് ഇന്ന് സർക്കാർ.

ഭൂമിയുമായി ബന്ധപ്പെട്ട സർക്കാർ നടപടികളെല്ലാം അഴിമതിയിലേക്ക് എത്തിച്ചേരുകയാണ്. എച്ച്.എം.ടി. ഇടപാടും നെടുമ്പാശ്ശേരി വിമാനത്താവളത്തിന് വേണ്ടിയെടുത്ത ഭൂമിയിൽ ഗോൾഫ് കോർട്ട് വരുന്നതും തുടങ്ങിയ അഴിമതിയുടെ കണക്കുകൾ നീണ്ടുപോവുകയാണ്. ഭൂമി കയ്യേറുന്നവർ അതിനെ അതുപോലെ നിലനിർത്തുകയല്ല. ഭൂമിയുടെ രൂപത്തിന് നിരവധി മാറ്റങ്ങൾ വരുന്നു. താങ്ങാനാകാത്ത രീതിയിൽ കൺസ്ട്രക്ഷനുകൾ വരുന്നതോടെ പാരിസ്ഥിതികമായ പ്രശ്നങ്ങൾ കൂടുന്നു. ഇതിനെതിരെ മുഖ്യധാരാ രാഷ്ട്രീയ കക്ഷികളാരും രംഗത്ത് വരുന്നില്ല. ഇവരെല്ലാം വികസനവും അനുബന്ധമായി കുടിയൊഴിപ്പിക്കലുമാണ് വേണ്ടതെന്ന് വിശ്വസിക്കുന്നവരാണ്.

ഭരണകൂടം സമ്മർദ്ദതന്ത്രങ്ങളുപയോഗിച്ചാണ് മൂലമ്പിള്ളിയിലടക്കം തദ്ദേശവാസികളുടെ ഭൂമി കൈക്കലാക്കിയിരിക്കുന്നത്. ഭീഷണി കാരണം കിട്ടുന്ന വിലയ്ക്ക് ഭൂമി നല്കാൻ എല്ലാവരും തയ്യാറാകുന്നു. ചിലർ ഭൂമി വിട്ടുകൊടുക്കുന്നതോടെ

അധികാരികൾക്ക് സമരത്തെ ഭിന്നിപ്പിക്കാനും കഴിയുന്നു.

ഈ പ്രശ്നങ്ങൾക്കിടയിൽ സർക്കാർ പുറത്തിറക്കിയ ഭൂനയവും ഒട്ടും പ്രതീക്ഷകൾ നൽകുന്നില്ല.

നയങ്ങളൊന്നും നടപ്പിലാക്കാൻ കഴിയാത്ത വിധത്തിലാണ് ലോകസാഹചര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നത്. നയങ്ങൾ നടപ്പിലാക്കാൻ രണ്ട് തടസ്സങ്ങളാണ് പ്രധാനമായും നിലനിൽക്കുന്നത്. ഒന്ന്, സർക്കാർ നയം നടപ്പിലാക്കോണ്ട ഏജൻസികൾ, എക്സിക്യൂട്ടീവും ജുഡീഷ്യറിയും അതിന് താത്പര്യം പ്രകടിപ്പിക്കുന്നില്ല. രണ്ട്, നിലവിലുള്ള നിയമങ്ങൾ തന്നെ പുതുതായി വരുന്ന നയങ്ങൾക്ക് തടസ്സമായാണ് നില്ക്കുന്നത്. ഭൂനയം മറ്റ് പല നയങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. വ്യവസായ നയം ഏത് ഭൂമിയും വ്യവസായത്തിനുള്ളതാണെന്ന് പറയുമ്പോൾ ഭൂനയത്തിന്റെ പ്രസക്തി ഇല്ലാതെയായി. ഇഷ്ടിക വ്യവസായത്തിന് ഭൂമിവേണമെന്ന് തീരുമാനിച്ചാൽ പിന്നെ ഭൂമി സംരക്ഷിക്കുന്നതെങ്ങിനെയാണ്? കൃഷി സംരക്ഷിക്കുന്ന രീതിയിൽ ഭൂമിയുടെ ഉടമസ്ഥത കർഷകരുടെ പക്കൽത്തന്നെ നിലനിർത്തുകയാണ് വേണ്ടത്.

## ഫ്രാൻസിസ് കളത്തുങ്കൽ

ജനറൽ കൺവീനർ, കുടിയൊഴിപ്പിക്കപ്പെട്ടവരുടെ കോ-ഓർഡിനേഷൻ കമ്മിറ്റി

രാഷ്ട്രീയ മേഖലയിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ വികസനം ഒരു പൊതു അജണ്ടയായി മാറിയിരിക്കുകയാണ്. പക്ഷെ ഇവർ പറയുന്ന വികസനം ആരുടെ നന്മയ്ക്ക് വേണ്ടിയുള്ളതാണ്?

അധ്വാനിച്ചുജീവിക്കുന്ന ജനതയുടെ ജീവിതത്തിനുണ്ടാകുന്ന ഉയർച്ചയാണോ? ചരിത്രത്തിൽ ഒരിക്കലും അത്തരമൊരു ഉയർച്ച സൃഷ്ടിക്കാൻ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിനും കഴിഞ്ഞിട്ടില്ല. പകരം വളർന്നതെല്ലാം സമ്പന്നരായ പരാന്നഭോജികളായിരുന്നു. വികസനമെന്ന പേരിൽ വന്ന പദ്ധതികളെല്ലാം ഈ സമ്പന്നരെ കൂടുതൽ സമ്പത്തുള്ളവരാക്കിതീർക്കുകയാണ് ചെയ്തത്. നികുതി പിരിക്കുന്ന സർക്കാരിന്റെ ഉത്തരവാദിത്വങ്ങളിൽ നിന്നും ആഗോളവത്കരണത്തിന്റെ കടന്നുവരവോടെ അവർ പതിയെ പിന്നോട്ട് പോയി. ജനതയുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനു പകരം വ്യവസായിക നിക്ഷേപങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനാണ് അവർ മത്സരിക്കുന്നത്. സേവന മേഖലകൾവരെ കുത്തകകളുടെ കൈയിലെത്താൻ ഇത് കാരണമായി. ഇതിന്റെയെല്ലാം പ്രതിഫലനങ്ങളായിരുന്നു വല്ലാർപ്പാടം പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽ നടന്ന കുടിയൊഴിപ്പിക്കലുകൾ. വ്യവസായങ്ങൾക്കും വിദേശ മൂലധനനിക്ഷേപങ്ങൾക്കും വേണ്ടി ഭൂമി കണ്ടെത്താൻ കഴിയാത്ത അവസ്ഥയെത്തിയപ്പോൾ സർക്കാർ പാവപ്പെട്ട ജനങ്ങളുടെ ഭൂമിയിൽ കണ്ണുവച്ചു തുടങ്ങി. കോടികൾ നിക്ഷേപിക്കുന്ന വ്യവസായങ്ങൾക്ക് വേണ്ടി തുച്ഛമായ വില നൽകിയാണ് ഉടമസ്ഥരുടെ കൈയിൽ നിന്നും സർക്കാർ ഭൂമി കൈവശപ്പെടുത്തിയിരിക്കുന്നത്. ഭൂമി വിട്ടുതരാൻ തയാറാകാത്തവരുടെ സ്ഥലം 1894ലെ ലാന്റ് അക്ക്യുസിഷൻ നിയമപ്രകാരം ബലമായി പിടിച്ചെടുക്കുകയാണ്. ഭൂമിവേണ്ട സ്വകാര്യ സംരംഭകർക്കും ബി.ഒ.ടി പദ്ധതികൾക്കുമിടയിലുള്ള മധ്യസ്ഥനാണ് ഇന്ന് സർക്കാർ. വികസനത്തിന്റെ പേരിൽ നടക്കുന്ന ഈ വിനാശ പ്രവർത്തനങ്ങളെ, അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പൊതുസമൂഹം ഇനിയും ബോധവാൻമാരാകേണ്ടതുണ്ട്. എൽ. എൻ. ജി. പദ്ധതിയുടെയും, സ്പെഷ്യൽ ഇക്കണോമിക് സോണുകളുടെയും തീരദേശപാതയുടേയും, ജിഡ റോഡിന്റെയും എൻ.എച്ച്. 17 ആറുവരി പാതയുടേയും, സ്മാർട്ട് സിറ്റിയുടെയും, കൊച്ചിൻ റിഫൈനറി വികസനത്തിന്റേയും പേരിൽ കൊച്ചിയിൽ നിരവധിയാളുകൾ കുടിയൊഴിപ്പിക്കപ്പെട്ടിട്ടുണ്ട്. പേരണ്ടൂർ കനാൽ വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ടവർ ഇപ്പോഴും ലിബറ ഹോട്ടലിൽ താമസിക്കുകയാണ്. വികസനത്തിന്റെ പേരിൽ നടക്കുന്ന ഈ കുടിയൊഴിപ്പിക്കലിനെതിരെ കോ-ഓർഡിനേഷൻ കമ്മിററി നാളുകളായി സമരത്തിലാണ്. സമഗ്രമായ പുനരധിവാസം നൽകാതെ ആരെയും കുടിയൊഴിപ്പിക്കരുതെന്നാണ് ഞങ്ങളുടെ ആവശ്യം.

*ബന്ധങ്ങൾക്ക് : 9495430861, 9447912887*


Statement About ownership and other particulars about the newspaper

**JAAGRATHAYUDE KERALEEYAM**

(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of its publication | : | Monthly |
| 3. Printer's Name | : | K.S. Pramod |
| Whether citien of India? | : | Yes |
| Address | : | 'Keraleeyam' Municipal Market Bldg. Kokkalai, Thrissur-21 |
| 4. Publisher's Name | : | K.S. Pramod |
| Whether citizen of India? | : | Yes |
| Address | : | K.S. Pramod, Kanamkott House P.O. Akkikavu, Thrissur-680 519 |
| 5. Editor's Name | : | K.S. Pramod |
| Whether citizen of India? | : | Yes |
| Address | : | Keraleeyam Municipal Market Bldg., Kokkalai, Thrissur-21 |
| 6. Name and addresses of individuals who own the newspaper & partners or share holders holding morethan one percent of the total capital | : | K.S. Pramod, 'Keraleeyam', Municipal Market Bldg., Kokkalai Thrissur-21 |

I, K.S. Pramod, hereby declare that the particulars given above are true to the best of my knowledge and belief.

29-2-2008 Sd/-

Thrissur Publisher



പ്രിയ കേരളീയം വായനക്കാരാ/രി,

താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.

കേരളീയം, കൊക്കാലെ, തൃശൂർ-21.

ഫോൺ : 9895458954, 9446576943, 9447674375

ഉടൻ പ്രതീക്ഷിക്കുക

കേരളീയം പുസ്തകശാലയിൽനിന്ന്

ബിജു എസ്.ബാലന്റെ

**ചെന്നൈ വിശേഷവും കുറിപ്പുകളും**

